## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2305

09.12.2014-ലെ മറുപടിയ്ക്ക്

## നന്മ സ്റ്റോറിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ എത്ര എണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് പേരു സഹിതം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 865 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്നും തന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇവിടെ നിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്; ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ എത്ര ശതമാനം തുക കുറച്ചാണ് വില്ക്കുന്നത്; ഇപ്പോഴും സബ്സിഡി നിരക്കിൽ വിൽക്കേണ്ട എല്ലാ ഉത്പന്നങ്ങളും നന്മ സ്റ്റോറുകളിൽ ലഭ്യമാണോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി) | ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, മല്ലി, മുളക്, ചെറുപയർ, ഉഴുന്ന് എന്നീ പത്ത് ഉൽപ്പന്നങ്ങളാണ് ഇവിടെനിന്നും പൊതു വിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത്. ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ 20% വരെ കുറച്ചാണ് വിപണനം നടത്തുന്നത്. മേൽ പരാമർശിച്ച പത്ത് ഉൽപ്പന്നങ്ങളിൽ എല്ലാം തന്നെ സ്റ്റോറുകളിൽ ലഭ്യമാക്കാൻ സാധനങ്ങളുടെ ദൗർലഭ്യം മൂലം സാധിക്കുന്നില്ല.<br>നന്മ സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിൽ നേരിട്ട തടസ്സങ്ങൾ മൂലമാണ് ചില അവസരങ്ങളിൽ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വരുന്നത്. |
| (സി) | സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉത്പ്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് ആരാണ്; ഈ സാമ്പത്തിക വർഷം എത്ര രൂപ ഇത്തരത്തിൽ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് നൽകി എന്ന് പറയാമോ? | (സി) | സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് സർക്കാരാണ്. സർക്കാർ സബ്സിഡി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി വിൽപ്പന നടത്തുന്നത്. ഈ സാമ്പത്തിക വർഷം ഉൽസവകാല വിൽപ്പന സബ്സിഡിയിനത്തിൽ 50 കോടി രൂപയാണ് കൺസ്യൂമർഫെഡിന് ലഭ്യമാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ